**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1151** **18-09-2025 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽ ജീവൻ മിഷൻ പദ്ധതി ഏതു ഘട്ടത്തിലാണെന്നും എത്ര ശതമാനം വരെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഉള്ള വിവരം ജില്ല തിരിച്ച് ലഭ്യമാക്കാമോ? | (എ) | സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). ജൽ ജീവൻ മിഷനിലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.13 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീടുകളിൽ 38.62 ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.31 %).<br><br>വിവിധ സ്കീമുകളിലായി നാളിതു വരെ 5546 വർക്ക് പാക്കേജുകളായി നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3214 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1770 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>സംസ്ഥാനത്ത് ജൽ ജീവൻ പദ്ധതി മുഖേന 54,45,342 കണക്ഷൻ ലഭ്യമാക്കുന്നതിനാണ് ഭരണാനുമതി നൽകിയത്. ഇതിൽ 21,12,725 കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. ഇനി 31,19,817കണക്ഷൻ നൽകാനുണ്ട്.<br><br>ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഇതുവരെ നൽകിയ കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അടങ്ങിയ പട്ടിക **അനുബന്ധമായി** ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ജില്ല | ആകെ ഗ്രാമീണ വീടുകൾ | ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം | ജൽ ജീവൻ മിഷൻ പദ്ധതി തുടങ്ങിയ ശേഷം നൽകിയ ആകെ കണക്ഷൻ | നിലവിലുള്ള മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷനുകളുടെ എണ്ണം | കവറേജ് (%) |
|---|---|---|---|---|---|---|
| ആലപ്പുഴ | 543821 | 378352 | 171325 | 366778 | 177043 | 67.44 |
| എറണാകുളം | 620848 | 346467 | 151265 | 416656 | 204192 | 67.11 |
| ഇടുക്കി | 279017 | 241261 | 40222 | 98413 | 180604 | 35.27 |
| കണ്ണൂർ | 433842 | 376986 | 174539 | 254962 | 178880 | 58.77 |
| കാസർഗോഡ് | 253522 | 220320 | 44982 | 85123 | 168399 | 33.58 |
| കൊല്ലം | 607160 | 446930 | 303398 | 451177 | 155983 | 74.31 |
| കോട്ടയം | 471910 | 373493 | 120041 | 229985 | 241925 | 48.73 |
| കോഴിക്കോട് | 514666 | 526159 | 118993 | 205265 | 309401 | 39.88 |
| മലപ്പുറം | 797512 | 652951 | 221830 | 365406 | 432106 | 45.82 |
| പാലക്കാട് | 650491 | 497280 | 235145 | 384032 | 266459 | 59.04 |
| പത്തനംതിട്ട | 357519 | 273171 | 88907 | 174137 | 183382 | 48.71 |
| തിരുവനന്തപുരം | 659860 | 524194 | 282026 | 448838 | 211022 | 68.02 |
| തൃശ്ശൂർ | 600633 | 438834 | 130618 | 309247 | 291386 | 51.49 |
| വയനാട് | 191308 | 148944 | 29434 | 72273 | 119035 | 37.78 |
| **ആകെ** | **6982109** | **5445342** | **2112725** | **3862292** | **3119817** | **55.31** |